"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായിരിക്കവേ 10/05/2022-ന്ന മരണപ്പെട്ട ശ്രീ. ജോസ് ഒ. ആർ -ന്റെ ചികിത്സയ്ക്കായി 04/05/2022 മുതൽ 07/05/2022 വരെ ചെലവായ തുക മെഡിക്കൽ റീ-ഇംപേഴ്സ്മെന്റായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1437/2026/LSGD തീയതി,തിരുവനന്തപുരം, 04-08-2026

---

പരാമർശം:-

1. ശ്രീമതി. ആനി.പി.എ (W/o ഒ. ആർ. ജോസ് (പരേതൻ) ഓഫീസ് അറ്റൻഡന്റ്, മാള ബ്ലോക്ക് പഞ്ചായത്ത് ) യുടെ 20/05/2022-ലെ അപേക്ഷ.
2. ഗ്രാമവികസന കമ്മീഷണറുടെ 03/09/2022-ലെ CRD/3889/ 2022-ESTT-C1 നമ്പർ കത്ത്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16/02/2025-ലെ DHS/3743/2025 -MR2 നം. കത്ത്.
4. തസ്വഭ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26/03/2025-ലെ LSGD/PD/739/ 2023-DEG2 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ആയിരിക്കവേ 10/05/2022-ന്ന മരണപ്പെട്ട ശ്രീ. ജോസ് ഒ. ആർ -ന്റെ ചികിത്സയ്ക്കായി 04/05/2022 മുതൽ 07/05/2022 വരെ കൊച്ചി ലിസി ഹോസ്പിറ്റലിൽ ചെലവായ തുകയ്ക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിനായി ടിയാളുടെ ഭാര്യ ശ്രീമതി. ആനി.പി.എ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണറും തുടർന്ന് പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറും സർക്കാരിൽ സമർപ്പിച്ചു. ടി ചികിത്സയ്ക്ക് 1,25,787/- രൂപ അനുവദനീയമെന്ന് പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ആയിരിക്കവേ 10/05/2022-ന്ന മരണപ്പെട്ട ശ്രീ. ജോസ് ഒ. ആർ -ന്റെ ചികിത്സയ്ക്കായി 04/05/2022 മുതൽ 07/05/2022 വരെ കൊച്ചി ലിസി ഹോസ്പിറ്റലിൽ ചെലവായ തുകയിൽ അനുവദനീയമായ തുകയായി ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ച 1,25,787/- (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എഴുനൂറ്റി എൺപത്തിയേഴ് രൂപ) രൂപയുടെ 80% ആയ 1,00,630/-രൂപ (ഒരു ലക്ഷത്തി അറുനൂറ്റി മുപ്പത് രൂപ മാത്രം) അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത അവകാശിയ്ക്കു പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ വി

ജോയിന്റ് സെക്രട്ടറി

1) ശ്രീമതി. ആനി. പി. എ ( W/O ഒ. ആർ. ജോസ് (പരേതൻ), ഒളാട്ടുപ്പുറത്ത് വീട്, തുരുത്തിപ്പുറം പി. ഒ, ചാത്തേടം, എറണാകുളം-680667 (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)

2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം (ബില്ലുകളും രേഖകളും സഹിതം)

3) സെക്രട്ടറി, മാള ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ.

4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളാ, തിരുവനന്തപുരം

5) ധനകാര്യവകുപ്പ്(അ.ഔ. നമ്പർ 2838960 / Loans-L1/155/2024-FIN dated 08/07/2026)

6) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
Rajesh Kumar. C
Date: 05-08-2026
11:37:50

സെക്ഷൻ ഓഫീസർ